റൈസിങ് സ്റ്റാർസിൽ ഉൾപ്പെടുത്തിയിട്ടുള്ള
കായിക ഇനങ്ങൾ

ബോക്സിങ്
ആർച്ചറി
ബാഡ്മിന്റൺ
ബാസ്കറ്റ്ബോൾ
സൈക്ലിങ്
ഫുട്ബോൾ
ഹാൻഡ്ബോൾ
കരാട്ടെ
ഹോക്കി
റഗ്ബി
ഖോ ഖോ
ടേബിൾ ടെന്നിസ്
വോളീബോൾ
റെസ്‌ലിങ്
യോഗ
നീന്തൽ
ചെസ്സ്
റോളർ സ്കേറ്റിങ്
ക്രിക്കറ്റ്
ഫെൻസിങ്
റൈഫിൾ ഷൂട്ടിംഗ്
തയ്ക്വാൻഡോ


T C 9/2009(1), Thiruvonam, Edapazhanji,
Sasthamangalam, Thiruvananthapuram

+91 471 3501968 85906 00330 sportssocietykerala@gmail.com


# RISING STARS



# നിക്ഷേപിക്കാം
# കായിക
# കേരളത്തിനായ്

റൈസിങ് സ്റ്റാർസ് പ്രോഗ്രാമിൽ KSAMSWCS-നോട് കൈകോർത്ത് സംസ്ഥാനത്തെ കായിക താരങ്ങളെ വാർത്തെടുക്കുവാനുള്ള അവസരം!

## എന്താണ് KSAMSWCS?

കേരളത്തിലെ കായികാന്തരീക്ഷം മെച്ചപ്പെടുത്താൻ KOA, KSSC, കേരള ഗവൺമെന്റ്, വിവിധ സ്പോർട്സ് അസോസിയേഷനുകൾ, അതിലെ അംഗങ്ങൾ എന്നിവരോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്ന ഒരു സംരംഭമാണ് കേരള സ്പോർട്സ് അസോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (KSAMSWCS). ഈ സൊസൈറ്റി സംസ്ഥാനത്തെ വിവിധ കായിക പദ്ധതികൾക്ക് സാമ്പത്തിക സഹായവും സംഘടനാ പിന്തുണയും നൽകുന്നു.



## റൈസിങ് സ്റ്റാർസ് പ്രോഗ്രാം

ഒരു കായിക താരം ഉടലെടുക്കുന്നതിനു പിന്നിലുള്ള അനേകം ഘടകങ്ങൾ മനസിലാക്കി അതിന് വേണ്ടിയുള്ള സൗകര്യങ്ങൾ കേരളത്തിലെ കായികതാരങ്ങൾക്ക് പ്രദാനം ചെയ്യുക എന്നതാണ് ഈ പരിപാടിയുടെ പ്രധാന ഉദ്ദേശം.

റൈസിങ് സ്റ്റാർസിന് കീഴിൽ, KSAMSWCS നിരവധി പ്രോഗ്രാമുകൾക്ക് ധനസഹായം നൽകാനും ഈ പ്രക്രിയയിൽ സംസ്ഥാനത്ത് ഉടനീളം 10,000 സ്പോർട്സ് യൂണിറ്റുകൾ ആരംഭിക്കുവാനും 10,00,000 വിദ്യാർത്ഥികളെ കായികരംഗത്ത് പിന്തുണയ്ക്കാനും 2 വർഷത്തിനുള്ളിൽ വിവിധ മേഖലയിൽ നിന്നുള്ള 5,000 കായികതാരങ്ങൾക്ക് തൊഴിൽ അവസരങ്ങൾ നൽകാനും ലക്ഷ്യമിടുന്നു.

കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം, വളർന്നുവരുന്ന കായികതാരങ്ങൾക്ക് പരിശീലനം, കായിക ഉപകരണങ്ങളുടെ നിർമ്മാണം, സംഭരണം, വിതരണം, കായിക അവബോധത്തിനായുള്ള വിവിധ പദ്ധതികൾ, കായിക താരങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനുള്ള പദ്ധതികൾ, കായിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ KSAMSWCS ന്റെ പദ്ധതിയിൽ ഉൾപ്പെടുന്നു.



## സ്കൂളുകളിലെ ട്രെയിനിങ് സെന്ററുകൾ

റൈസിങ് സ്റ്റാർസിൽ ഉൾപ്പെടുന്ന ഒരു പ്രധാന പരിപാടിയാണ് സ്കൂളുകളിലെ ട്രെയിനിങ് സെന്ററുകൾ. ഇതിനായ് സൊസൈറ്റി സ്പോർട്സ് ഉപകരണങ്ങൾ മൊത്തമായി വാങ്ങുകയും, കായിക പരിശീലനത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുകയും ചെയ്യുന്നു. അതുവഴി മാർക്കറ്റ് വിലയേക്കാൾ വളരെ കുറഞ്ഞ വിലയ്ക്ക് കായിക ഉപകരണങ്ങൾ കുട്ടികൾക്ക് നൽകുവാൻ കഴിയും. ഇതോടൊപ്പം, പരിശീലകരെയും സൊസൈറ്റി തന്നെ നൽകുന്നതാണ്. അങ്ങനെ, വളർന്നുവരുന്ന കായികതാരങ്ങൾക്ക് കുറഞ്ഞ പ്രതിമാസ ഫീസിൽ മികച്ച പരിശീലനവും സൗകര്യങ്ങളും നൽകുന്നു.

## നിങ്ങൾക്കും സ്പോൺസർ ആവാം

സ്കൂളുകൾ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ, NRIകൾ തുടങ്ങി വ്യക്തികൾക്കും സംരംഭങ്ങൾക്കും ഈ പരിപാടിയിൽ സ്പോൺസർ ആവാം.

### സ്പോൺസർഷിപ്പ് തുക എത്രയാണ്?

സ്പോർട്ട്സ് ഇനം അനുസരിച്ച് 1.5 ലക്ഷം, 2 ലക്ഷം, 3 ലക്ഷം, 5 ലക്ഷം എന്നിങ്ങനെയാണ് സ്പോൺസർഷിപ്പ് തുക.

### സ്പോൺസർ ചെയ്യുന്നതിൽ എന്താണ് ഗുണം?

**മികച്ച നിക്ഷേപം -** സ്പോൺസർഷിപ്പ് തുക സൊസൈറ്റിയിൽ നിക്ഷേപമായിട്ടാണ് സ്വീകരിക്കുക. സൊസൈറ്റിയിൽ നിക്ഷേപിക്കുന്ന തുകയുടെ 5 ശതമാനം പലിശ നിങ്ങൾക്ക് ലഭിക്കുന്നു. 3 വർഷത്തിന് ശേഷം മുഴുവൻ തുകയും തിരികെ നൽകുന്നു.

**പരസ്യം -** ഏത് കായിക ഇനത്തിനാണോ നിങ്ങൾ സ്പോൺസർ ചെയ്യുന്നത് ആ കായിക ഇനത്തിന്റെ ജേഴ്സിയിൽ നിങ്ങളുടെ അല്ലെങ്കിൽ സ്ഥാപനത്തിന്റെ പേര് 3 വർഷക്കാലം വയ്ക്കാൻ ഉള്ള സൗകര്യം. 3 വർഷക്കാലം നിങ്ങൾ സ്പോൺസർ ചെയ്യുന്ന സ്കൂളിലെ കായിക ഇനങ്ങളുടെ ചടങ്ങുകളിൽ മുഖ്യാതിഥിയായി പങ്കെടുക്കുവാനുള്ള അവസരം. കൂടാതെ നിങ്ങൾ സ്പോൺസർ ചെയ്യുന്ന കായിക ഇനം ആ സ്കൂളുകളിൽ നല്ല രീതിയിൽ നടത്തുന്നു എന്നത് ഉറപ്പു വരുത്തുവാനുള്ള അവസരം.

**കേരള സ്പോർട്സിന്റെ വികസനത്തിൽ പ്രതിബദ്ധത -** വളർന്ന് വരുന്ന തലമുറയെ, ഭാവിയിലെ കായിക താരങ്ങളെ വാർത്തെടുക്കുന്നതിൽ പങ്ക് വഹിക്കാനുള്ള അവസരം.



